ജീവിതം ഒരിക്കലും പ്രതീക്ഷിക്കാത്ത ഒട്ടേറെ വഴികളിലൂടെ പിള്ളേരി എന്നു പ്രിയപ്പെട്ടവർ വിളിക്കുന്ന അമ്മദ്ക്കയെ കൊണ്ടു പോയി. അപ്പോഴൊക്കെയും തന്റെ ബ്രീഫ് കെയ്സിൽ ഉള്ളിലൊരറയിൽ അ മ്മദ്ക്ക ഉപ്പ കൊടുത്ത ആ മിസ്വാക്ക് സൂക്ഷിച്ചു വച്ചു. വൃത്തിയും വെടിപ്പുമുള്ള ഒരു ജീവിതത്തെ കുറിച്ച് നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ട്. ഇങ്ങനെ ഒരിക്കൽ തന്റെ ജീവിതം എഴുതപ്പെടുമെന്ന് ഒരിക്കൽ പോലും കരുതിയിട്ടില്ലാത്ത ഒരു മനുഷ്യൻ എന്തിനാകും മുപ്പത്താറു കൊല്ലങ്ങൾ ആ മിസ്വാക്ക് സൂക്ഷിച്ചു വച്ചത്...?

മിസ്വാക്ക്



മീഡിയലീസ്റ്റ്
ചന്ദ്രിക
വാരാന്തപ്പതിപ്പ്
2010 മാർച്ച് 28 ഞായർ
sundaychandrika@gmail.com
www.mechandrikaonline.com

ജീവിതം
റഫീക്ക് തിരുവള്ളൂർ

ജീവിതത്തെ വിറകുമായി താരതമ്യപ്പെടുത്തിയാണ് പിള്ളേരി അമ്മദ്ക്ക ഇടക്കിടെ വിസ്തരിക്കാറുള്ള സ്വന്തം ജീവിത കഥ ഒരിക്കൽ ഉപസംഹരിച്ചത്. കത്തിത്തീരുന്ന തീ ചാരമായി മാറുന്ന പോലെയാണ് നൊന്തു തീരുന്നതോടെ വേദനകൾ ഓർമ്മയായി മാറുന്നത്. വിറകു പോലെ കത്തിയെരിഞ്ഞൊരു ജീവിതം ഓർത്തെടുക്കാനുള്ള പഴയ ഗൾഫുകാരിലാരും സ്വന്തം ജീവിതത്തിലേക്കിങ്ങനെ തിരിഞ്ഞു നോക്കിയേക്കും. നിർമ്മമതയോടെയുള്ള പിന്തിരിഞ്ഞു നോട്ടങ്ങൾ സഹിച്ചു തീർത്ത വ്യസന ജീവിതത്തെ നല്ല സ്മൃതികളാക്കി മാറ്റും, ഓർമ്മകൾ കഥകളാകുന്നതോടെ അതിലെ നോവുകൾ ആറി, അതു രസച്ചരടിൽ കോർക്കപ്പെട്ട ജീവചരിത്രമായിത്തീരുന്നു. അനേകം ഗൾഫുകാരെ പോലെ അമ്മദ്ക്കയും കഥകൗശല വിദ്യ കൊണ്ട് സ്വന്തം മറുനാടൻ ജീവിതത്തെ കേട്ടിരിക്കാനിമ്പമുള്ള വിഭവമാക്കി മാറ്റി. നിത്യേന അമ്മദ്ക്ക പാകം ചെയ്തു തന്ന തീൻപണ്ടങ്ങളേക്കാൾ സ്വാദുണ്ടായിരുന്നു ആ കഥകൾക്ക്. അതിൽ ഇന്നലത്തെ കേരളം ഞെക്കിത്തെറുപ്പിച്ച ജീവിതംതേടികളുടെ കയ്പ്പുമെരിവും പുളിയും മധുരവും നിറഞ്ഞു. നുണയാൻ പാകത്തിൽ പറഞ്ഞ നുണകൾ കൂടി ചേരുന്നതോടെ അമ്മദ്ക്കയുടെ ജീവിതംപറച്ചിൽ എഴുതി ഫലിപ്പിക്കാനാവാത്ത ജീവിതമായി. ആ നുണകളൊന്നും നുണകളായിരുന്നില്ല, മറ്റു പലർ ജീവിച്ച ജീവിതമായിരുന്നു. ഗൾഫ് കഥകൾ നുണകളാകുന്നതാണ് നല്ലത്. അല്ലെങ്കിൽ അതിനു പിറകിലെ ജീവിതത്തിന്റെ ഉടമ പിടിക്കപ്പെടാം.

1973 ലാണ് പിള്ളേരി അമ്മദ് എന്ന കൗമാരക്കാരൻ തനിക്കു വലിയ തിരിപാടില്ലാത്ത ഇന്ത്യൻ പാസ്പോർട്ടെടുക്കുന്നത്. പാസ്പോർട്ടു കൊണ്ടുള്ള പ്രയോജനം കടലു കടക്കാമെന്നതാണ്. കുടലിലെ വിശപ്പ് കടലിനപ്പുറം അന്നമുണ്ടെന്ന കാര്യം അതിനകം തന്നെ ചില നാട്ടുകാരെ അറിയിച്ചിരുന്നു. കടലു കടന്നാൽ ജീവിതം കായ്ക്കുമെന്ന് പതുക്കെ പരസ്യപ്പെട്ടു തുടങ്ങിയിരുന്നു. മദ്രാസിൽ (റീജ്യണൽ പാസ്പോർട്ട് ആന്റ് എമിഗ്രേഷൻ ഓഫീസ്) നിന്നാണ് പാസ്പോർട്ടു ലഭിക്കുക. കടലു കടക്കാനുള്ള കപ്പലു കിട്ടാൻ ബോംബെയിലേക്കാണ് ആദ്യം പോയത്. അവിടെ നിന്ന് രണ്ടും കൽപ്പിച്ചുള്ള യാത്ര. ദുബായിലാണ് കപ്പൽ യാത്രക്കാരെ കൊണ്ടുവിട്ടത്. 1973 നവംബറിലായിരുന്നു അത്.

അന്ന് എണ്ണയുണ്ട് മണ്ണിലെന്ന അറിവു പരക്കുകയോ പെട്രോ ഡോളറിന്റെ പ്രതീക്ഷകൾ ഉദിക്കുകയോ ചെയ്തിരുന്നില്ല ഐക്യ അറബ് ദേശങ്ങളിൽ. ബ്രിട്ടീഷ് ഭരണം കാരണം ഇന്ത്യൻ രൂപയായിരുന്നു ഇവിടെയും കറൻസി. ഒന്നിനു പത്തിലേറെയെന്ന ഇന്നത്തെ വിനിമയ മൂല്യമൊന്നുമില്ലാതിരുന്നിട്ടും എന്തിനാകും ഇന്ത്യക്കാരായ, രൂപയുടെ നാട്ടുകാരായ നമ്മൾ ദുബായിലേക്കു കടലു കടക്കാൻ തുടങ്ങിയത്. നാട്ടിലെ ഇല്ലായ്മകളും പുറപ്പെട്ടു പോയാൽ രക്ഷപ്പെടുമെന്ന വിശ്വാസവുമായിരുന്നു ഒന്നാമത്തെ കാരണം. വീടുപേക്ഷിക്കുന്നവൻ ലോകത്തെ നേടുന്നു എന്ന വിശ്വാസമൊന്നുമായിരുന്നില്ല അത്. എങ്ങോട്ടെങ്കിലും പോയി രക്ഷപ്പെടുക എന്ന ഒരു നിയ്യത്തായിരുന്നു ആകെയുള്ളത്.

അമ്മദ്ക്ക ഇന്നത്തെയും ഇന്നത്തേയും ഗൾഫിന്റെ സംസ്കാരത്തിന്റെ വേരും വേരിലെ ജൈവ ഔഷധവുമായത്. ഇന്നും മരുപ്പച്ച പോലെ പ്രത്യാശയേകുന്ന, ഗൾഫിലെ വരൾച്ച ബാധിച്ചിട്ടില്ലാത്ത മനുഷ്യ സ്നേഹത്തിന്റെ തണൽ മാതൃക അവരാണു നട്ടുപിടിപ്പിച്ചത്. അമ്മദ്ക്ക ജീവിതം പറയുമ്പോൾ ജീവിതം മാത്രമല്ല, അതിന്റെ വിശകലനം കൂടി നടത്തുന്നു.

അബുദബിയിൽ ഒരറബി വീട്ടിലാണ് അമ്മദ്ക്ക ആദ്യം തൊഴിൽ തേടുന്നത്. അറബികളും ഒത്തൊപ്പിച്ച് കഴിയുകയാണ്. പണമോ അതിനൊത്തുള്ള മാറ്റങ്ങളോ വന്നിട്ടില്ല. ദുബായിൽ നിന്ന് അബുദബിയിലേക്കുള്ള റോഡ് തന്നെയും ഇടക്കിടെ മണലു കൊണ്ട് കളിക്കുന്ന കാറ്റ് മായ്ച്ചു കളയുന്ന കാലമാണ്. ദുബായിലേക്ക് അബുദബിയിൽ നിന്ന് യാത്രയയാവർ അവിടെ എത്തിയോ എന്ന് വേണ്ടപ്പെട്ടവർ ആധി കൊള്ളുന്ന കാലം. അറബിക്ക് ഒന്നിലധികം ഭാര്യമാരുണ്ട്. അതിനൊപ്പിച്ച് സന്തതികളുമുണ്ട്. കുട്ടികളെ നോക്കുക, വീട് പരിപാലനം ഒക്കെയാണ് ജോലികളെന്ന് ഏതാണ്ടറിയാമായിരുന്നു. ഭാഷയാണ് അന്നത്തെ ഒന്നാമത്തെ പ്രശ്നം. അറബി വീട്ടിലുള്ളവർക്ക് അറബിയല്ലാത്ത വല്ല ഭാഷയും അറിയുമായിരുന്നോ എന്നറിയില്ല, അതറിയാൻ വേറെ ഏതെങ്കിലും ഒരു ഭാഷ അമ്മദ്ക്ക മുമ്പൊന്നു കേട്ടിട്ടു വേണ്ടേ. ഭാഷയുടെ കാര്യം കൈവിട്ടു പോയെങ്കിലും കുട്ടികളെ കയ്യിലെടുത്താൽ പിന്നെ വലിയ ബുദ്ധിമുട്ടൊന്നും വരില്ല എന്നുള്ളിൽ തോന്നി. നാട്ടിൽ നിന്നു കൊണ്ടു വന്ന ഹലുവയുടെ അവസാനത്തെ കഷണവും പൊതിഞ്ഞാണ് അറബിക്കൊപ്പം വീട്ടിലേക്ക് പോയത്. വീട്ടിലെത്തിയ ഉടനെ ആദ്യം കണ്ട രണ്ടു കുട്ടികളേയും വാരിയെടുത്ത് ഇരു ചുമലുകളിലിരുത്തി. അവർക്ക് ഹലുവ കൊടുത്തു. കുട്ടികൾ അതോടെ പാട്ടിലായി. അറബി മാന്യനും സ്നേഹ സമ്പന്നനുമായിരുന്നു. വീട്ടുകാരികളാകട്ടെ, പുതിയ പണിക്കാരനെ ഓരോ പണിയും പഠിപ്പിച്ചു, ആംഗ്യഭാഷ അവർക്കിടയിലെ ഭാഷയായി. ജീവിതത്തിലന്നേ വരെ അടുക്കളയിൽ തിന്നാനല്ലാതെ കേറിയിട്ടില്ലാത്ത അമ്മദ്ക്കയെ അറബിപ്പെണ്ണുങ്ങൾ നല്ല അടുക്കളക്കാരനാക്കി മാറ്റി. അവരുടെ കൃപയും സ്നേഹവും അറബ് രുചികളുടെ പാചകപുസ്തകമായി. കുട്ടികളെ നോക്കുന്ന കാര്യത്തിലാണ് കുഴങ്ങിയത്. കൊച്ചു കുഞ്ഞുങ്ങളോട് ഒരു ഭാഷയുടെ ആവശ്യമില്ല. മുതിർന്ന കുട്ടികളുടെ കാര്യമങ്ങനെയല്ല. കുട്ടികൾ സ്കൂളിൽ പോകുന്ന പതിവൊന്നും വന്നിട്ടുമില്ല. കുട്ടികളെ നോക്കിനടക്കുക വലിയ ചൊറയായി മാറിയെന്നു ചുരുക്കം. അപ്പോഴാണ് നാട്ടിൽ നിന്ന് അവസാനം കണ്ട ഒരു രാഷ്ട്രീയ ജാഥയുടെ ഓർമ്മ വന്നത്. പിറ്റേന്ന് അറബിക്കുടികളെ ജാഥയിലെന്ന പോലെ വരിക്കു നിർത്തി വീട്ടിനു ചുറ്റും നടത്തിക്കൽ തുടങ്ങി. ആദ്യമാദ്യം മൗനജാഥയായിരുന്നു. പിന്നെ ജാഥക്ക് കൊഴുപ്പു കൂട്ടാൻ നാട്ടിലെ ജാഥയിൽ നിന്നു തന്നെ ഒരു മുദ്രാവാക്യം കടമെടുത്തു. അറബിക്കുട്ടികൾ ആർത്തു വിളിച്ചു-ഇന്ദിരാ ഗാന്ധി സിന്ദാബാദ്.

അമ്മദ്ക്കയുടെ ജീവിതകഥയല്ല, അതിൽ നിന്ന് കൗതുകം കൊണ്ട് ഉള്ളു തരിപ്പിച്ച ഒരേട് പകർത്താനാണ് ഇതെഴുതിത്തുടങ്ങിയത്. വില്യാപ്പള്ളിയിലെ കുന്നോത്ത് ഇബ്രായിയുടെ പലചരക്കു കടയിലെ സഹായിയുടെ ജോലി ചെയ്തു വരുമ്പോഴാണ് അമ്മദ്ക്ക ദുബായിലേക്കുള്ള വിസ തരപ്പെടുത്തുന്നത്. മകനെ ഗൾഫിലേക്കയക്കുന്നതിലോ അയക്കാതിരിക്കുന്നതിലോ വീട്ടുകാർക്കന്ന് പ്രത്യേകിച്ചൊരു താൽപര്യം ഉണ്ടാവില്ല. രക്ഷയുടെ കവാടമായന്ന് ഗൾഫ് മാറിയിട്ടില്ല. ഗൾഫിൽ നിന്ന് കൊണ്ടു വരുന്നവയെ പറ്റിയല്ലാതെ, അവിടത്തെ കഴിഞ്ഞുകൂടലിനെ പറ്റി അക്കാലത്തൊന്നും വീട്ടുകാർക്കൊന്നും ഒരറിവുമില്ലായിരുന്നു. പിള്ളേരി മൂസ-കദീശ ദമ്പതികളും മകൻ അമ്മദ് ദുബായിലേക്ക് പോകുന്ന കാര്യം അല്ലാഹുവിൽ തവക്കുലാക്കി. യാത്രക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. പാസ്പോർട്ട്, വിസ എന്നിവ സൂക്ഷിക്കുന്നതിനുള്ള കൈബാഗ്, തോർത്തുകൾ, ലുങ്കികളൊക്കെയാണ് അന്നു പ്രധാനമായും യാത്രക്ക് വേണ്ടവ. പെട്ടികെട്ടിത്തുടങ്ങി. അപ്പോഴാണ് ഉപ്പ അന്നു ചെത്തി മിനുക്കിയ ഒരു മിസ്വാക്ക്, നല്ല വണ്ണമൊത്ത പച്ചത്തേങ്ങയുടെ ചകിരി മടൽ കൊണ്ട് ഉണ്ടാക്കിയ ഒരെണ്ണം മകനെ അരികിൽ വിളിച്ചേൽപ്പിച്ചത്. മിസ്വാക്ക് കയ്യിൽ കൊടുത്തിട്ട്, അതു പെട്ടിയിൽ വെക്കാൻ പറഞ്ഞ ഉപ്പ പിന്നെ ഉപദേശിച്ചു- ഏതു നാട്ടിലായാലും വൈകുന്നേരം പണി കഴിഞ്ഞാൽ ദിവസവും കൈകാലുകൾ മിസ്വാക്കിട്ടുരച്ചു കഴുകി വൃത്തിയാക്കണം. അഞ്ചു നേരവും ഖളാ ആകാതെ നിസ്കരിക്കണം. കിട്ടുന്നതിൽ നിന്ന് കൊതിയുള്ള ഭക്ഷണം കഴിക്കണം. എന്നിട്ടെന്തെങ്കിലും ബാക്കി ഉണ്ടെങ്കിൽ അതു വീട്ടിലേക്കയക്കണം.

വീട്ടിലേക്കും നാട്ടിലേക്കും അമ്മദ്ക്ക ബാക്കി വന്നതൊരുപാട് അയച്ചു. കുടുംബം കരകയറി. പിള്ളേരി അമ്മദ്ക്ക ഗൾഫിൽ നിന്നെത്തിയതിന്റെ മണം കുട്ടിക്കാലത്ത് ദൂരെയുള്ള ഞങ്ങളുടെ വീടു വരെയെത്തി. ഒരു മൂത്തുമ്മാന്റെ മൂത്ത മകളായിരുന്നു അമ്മദ്ക്കാന്റെ സഹോദരപത്നി. മൂത്തുമ്മാന്റെ വീട്ടിലേക്കു വന്ന ചൈനാസിൽക്ക് തുണികളുടെ മിനുസവും സ്പ്രേകളുടെ മണവും തൊട്ടരികിലെ വീടുകളിലുമെത്തി. കേട്ടുകൊതികയറിയ ആ പഴയ ഗൾഫു കേസരിക്കൊപ്പം ദുബായിൽ വച്ചു ഒന്നിച്ചതറിഞ്ഞ് വീട്ടുകാരതിശയപ്പെട്ടു. അമ്മദ്ക്കക്കൊപ്പം ഒരേ മുറിയിലെ താമസക്കാരനും ആ പാചകകലയുടെ ആസ്വാദകനുമായി മാറിയ കാര്യം വീട്ടുകാർക്ക് ദുബായിലുള്ള മകന്റെ അഭിമാനകരമായ അസ്തിത്വമായി മാറി. അമ്മദ്ക്ക പഴയ ജനുസ്സിലെ ഗൾഫുകാരനാണ്. അവരാണ് ഓരോ തവണയും ഗൾഫിലെത്തിയതിന്റെ പിറ്റേന്ന് മുതൽ നാട്ടിലേക്ക് പെട്ടി കെട്ടിക്കൊണ്ടിരുന്നവർ. അവർ നാട്ടിലേക്ക് ഗൾഫിൽ നിന്നോരോന്ന് കൊണ്ടു വരികയും കൊടുത്തയക്കുകയും ചെയ്തു. പറ്റിയാൽ ഗൾഫിനെയാകെ നാട്ടിലേക്കയക്കാനായിരുന്നു അവർക്കു പൂതി. അവരാണ് പുത്തനത്തറുകൾ നാട്ടുകാർക്ക് പുരട്ടിക്കൊടുത്തത്. പുതിയ മണങ്ങളും കൊതികളും നാട്ടിൽ പരത്തിയത്. അവരു സമ്മാനിച്ച അത്തറുകൾ പുരട്ടിത്തുടങ്ങിയതിൽ പിന്നേയാണ് നാട്ടുകാർ തങ്ങളുടെ ശരീരത്തിനൊരു മണമുണ്ടെന്നും ആ മണം പോരെന്നുമുള്ള മണത്തറിവുകൾ നേടിയത്. അതിൽ പിന്നെയാണല്ലോ ഊദും ഊദിന്റെ അത്തറും നാടാകെ ചില്ലുപീടികകൾ തുറന്നത്.

അമ്മദ്ക്ക അറബി വീട്ടിൽ നിന്ന് മറ്റു തൊഴിലിടങ്ങളിലേക്കും ജീവിതങ്ങളിലേക്കും പോയി. ഒടുവിൽ യു.എ.ഇ-യുടെ രാഷ്ട്ര പിതാവും ഭരണാധികാരിയുമായിരുന്ന ശൈഖ് സായിദ് രൂപീകരിച്ച പ്രസിഡണ്ടിന്റെ സ്പെഷൽ ഓഫീസിലെ ജോലിക്കാരനായി. ശൈഖ് സായിദ് എന്നെന്നും ഉണ്ടാകുമെന്ന് വിചാരിച്ചു പോയതു കൊണ്ട് ആ നല്ല കാലത്ത് പിൽക്കാലത്തേക്കു വേണ്ടി വല്ല ഏർപ്പാടും തുടങ്ങിവെക്കാൻ തോന്നിയില്ല എന്നാണമ്മദ്ക്ക പറയുക. ശൈഖ് സായിദിന്റെ മരണത്തോടെ അടച്ചു പൂട്ടിപ്പോയി അമ്മദ്ക്കയുടെ ഓഫീസ്. തുടർന്ന് ചെറിയ ഇനം ചില ഏർപ്പാടുകളിലേക്ക് മാറി അമ്മദ്ക്ക. ഇറുക്കിപ്പിടിക്കാനറിയാത്ത അദ്ദേഹത്തിന്റെ കൈകളിലൂടെ ദിർഹമുകൾ ലക്ഷോപലക്ഷം കൈ മറിഞ്ഞു പോയി. ഒരു പാടു പേരെ ഗൾഫിലേക്ക് കൂട്ടുകയും കരകയറ്റുകയും ചെയ്ത പുണ്യം ചെയ്ത ജീവിതമായി അദ്ദേഹത്തിന്റേത്.

ജീവിതം ഒരിക്കലും പ്രതീക്ഷിക്കാത്ത ഒട്ടേറെ വഴികളിലൂടെ പിള്ളേരി എന്നു പ്രിയപ്പെട്ടവർ വിളിക്കുന്ന അദ്ദേഹത്തെ കൊണ്ടു പോയി. അപ്പോഴൊക്കെയും തന്റെ ബ്രീഫ് കെയ്സിൽ ഉള്ളിലൊരറയിൽ അമ്മദ്ക്ക ഉപ്പ കൊടുത്ത ആ മിസ്വാക്ക് സൂക്ഷിച്ചു വച്ചു. വൃത്തിയും വെടിപ്പുമുള്ള ഒരു ജീവിതത്തെ കുറിച്ച് നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ട് ആ ചികിരിത്തുണ്ട്, ഉപ്പയുടെ സമ്മാനം അദ്ദേഹം കൊണ്ടു നടന്നു. ജീവിതവൃത്തി എന്ന വാക്കിന് അലങ്കാരമിട്ടു കൊണ്ട് ഒരു മിസ്വാക്കിന്റെ ജീവചരിത്രം അങ്ങനെ ഉണ്ടായി. ഇങ്ങനെ ഒരിക്കൽ തന്റെ ജീവിതം എഴുതപ്പെടുമെന്ന് ഒരിക്കൽ പോലും കരുതിയിട്ടില്ലാത്ത ഒരു മനുഷ്യൻ എന്തിനാകും മുപ്പത്താറു കൊല്ലങ്ങൾ ആ മിസ്വാക്ക് സൂക്ഷിച്ചു വച്ചത്. അതിനുള്ള ഉത്തരം തേടിയാണ് ഈ എഴുത്തു പോലും. നാട്ടിലെ ജീവിതത്തിന്റെ നിവൃത്തികേടിലും അമ്മദ്ക്ക ആ ഉണങ്ങിച്ചുങ്ങിയ സ്മൃതിത്തുണ്ടം സൂക്ഷിക്കുന്നുണ്ടാകുമോ..? അമ്മദ്ക്ക തുടരാൻ വേണ്ടിയാണ് ഓരോ തവണയും കഥ നിർത്തിക്കൊണ്ടിരുന്നത്.



യുവഎഴുത്തുകാർക്കും എഴുതിത്തുടങ്ങുന്നവർക്കുമുള്ള പംക്തി യുവദർപ്പണം.

സർഗാത്മകമായൊരു പുതിയ കാലത്തെയും അതിന്റെ അമരത്തു നിൽക്കുന്ന യുവത്വത്തെയുമാണ് യുവദർപ്പണം മുന്നിൽക്കാണുന്നത്.

രചനകൾ മൗലികവും ദൈർഘ്യം കുറഞ്ഞതുമായിരിക്കണം. എഴുതാൻ ഉദ്ദേശിക്കുന്ന പ്രമേയങ്ങൾ സംവേദനക്ഷമമാണെന്ന് ബോധ്യപ്പെട്ടതിനു ശേഷം മാത്രം എഴുതുക.

ലളിതമായ ഭാഷയിലൂടെ ഉണ്ടാക്കിയെടുക്കുന്ന ശൈലിയാണ് എഴുത്തിന്റെ കരുത്ത്.

രചനകൾ അയക്കേണ്ട വിലാസം
എഡിറ്റർ
ചന്ദ്രിക വാരാന്തപ്പതിപ്പ്
പി.ബി. നമ്പർ 64
കോഴിക്കോട്

ഒന്നിനു പത്തിലേറെയെന്ന ഇന്നത്തെ വിനിമയ മൂല്യമൊന്നുമില്ലാതിരുന്നിട്ടും എന്തിനാകും ഇന്ത്യക്കാരായ, രൂപയുടെ നാട്ടുകാരായ നമ്മൾ ദുബൈയിലേക്ക് കടലു കടക്കാൻ തുടങ്ങിയത്. നാട്ടിലെ ഇല്ലായ്മകളും പുറപ്പെട്ടു പോയാൽ രക്ഷപ്പെടുമെന്ന വിശ്വാസവുമായിരുന്നു ഒന്നാമത്തെ കാരണം. വീടുപേക്ഷിക്കുന്നവൻ ലോകത്തെ നേടുന്നു എന്ന വിശ്വാസമൊന്നുമായിരുന്നില്ല അത്. എങ്ങോട്ടെങ്കിലും പോയി രക്ഷപ്പെടുക എന്ന ഒരു നിയ്യത്തായിരുന്നു ആകെയുള്ളത്.